(സി) 1656 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ഡി) കുടിശ്ശികകൾ എത്രയും പെട്ടെന്ന് കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഇ) 2000 ജനുവരി മുതൽ ഡിസംബർ വരെ ലഭിച്ച ടാറിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	ലഭിച്ച ടാർ (ടണ്ണിൽ)
തിരുവനന്തപുരം	2510
കൊല്ലം	3000
ആലപ്പുഴ	2272
പത്തനംതിട്ട	4407
കോട്ടയം	2709
ഇടുക്കി	3250
എറണാകുളം (മൂവാറ്റുപുഴ ഡിവിഷൻ അടക്കം)	5815
തൃശ്ശൂർ	4500
മലപ്പുറം	960
പാലക്കാട്	2709
കോഴിക്കോട്	4113
വയനാട്	1420
കണ്ണൂർ	1960
കാസർഗോഡ്	1372

ആലപ്പുഴ നഗരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

126 (722) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് സെക്ഷനുകളിലായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) ഇതിൽ ഓരോ വിഭാഗത്തിലുമായി നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ നഗരത്തിൽ മേൽപ്പറഞ്ഞ കാലയളവിൽ എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ; ഓരോ പാലത്തിന്റെയും നിർമ്മാണത്തിന് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ആലപ്പുഴ നഗരത്തിൽ കണ്ണൻ വർക്കിപ്പാലം, വൈ.എം.സി.എ പാലം എന്നിവയുടെ പുനഃനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ഇവയുടെ നിർമ്മാണം പുനഃരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ പാലങ്ങളുടെ പുനഃനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) ആലപ്പുഴ നഗരത്തിലെ കൊത്തുവാൾച്ചാവടി പാലം, ജില്ലാ കോടതി പാലം, ശവക്കോട്ടപ്പാലം, എന്നീ പാലങ്ങളുടെ പുനഃനിർമ്മാണത്തിന് സർക്കാർ ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(എച്ച്) മേൽപ്പറഞ്ഞ പാലങ്ങൾ പുനഃനിർമ്മിക്കുന്നതിനായി ഭരണാനുമതിയും ധനാനുമതിയും നൽകാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ഐ) ആലപ്പുഴ നഗരത്തിൽ പുതിയതായി എത്ര പാലങ്ങൾക്കും റോഡുകൾക്കുമാണ് നിർമ്മാണത്തിനായോ പുനഃനിർമ്മാണത്തിനായോ ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 10.29 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) മൂന്നു പാലങ്ങൾ പൂർത്തിയാക്കി.

1.	കല്ലൻ പാലം	69.2 ലക്ഷം രൂപ
2.	ചുങ്കം പാലം	69.22 ലക്ഷം രൂപ
3.	കല്ല് പാലം	56.50 ലക്ഷം രൂപ

(ഡി) ഉണ്ട്.

(ഇ) ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ യോഗം കൂടി കരാറുകാർക്ക് പണി പുനഃരാരംഭിക്കുവാൻ നിർദ്ദേശം നൽകുകയും ആവശ്യമായ പണം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്വീകരിച്ചു വരുന്നു.

(ജി) ഭരണാനുമതി നൽകിയിട്ടില്ല. എസ്റ്റിമേറ്റ് പരിഗണനയിലാണ്.

(എച്ച്) സ്വീകരിക്കുന്നതാണ്.

(ഐ) പുതിയതായി ഒന്നും നൽകിയിട്ടില്ല.

റാന്നി മേജർ സബ് ഡിവിഷന് കീഴിലുള്ള വർക്കുകൾ

127(724) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് പി.ഡബ്ല്യു.ഡി (റോഡ്സ്) റാന്നി മേജർ സബ് ഡിവിഷന് കീഴിൽ 1996-97 സാമ്പത്തിക വർഷം മുതൽ 2000-2001 വരെ നടപ്പാക്കിയ വർക്കുകൾ ഇനം തിരിച്ച് വിശദമാക്കാമോ ; ഓരോ വർക്കിനും ടെണ്ടർ ചെയ്ത തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ; ടാർ വിവയടക്കം ഓരോ വർക്കിനും ടെണ്ടർ എക്സസ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വിശദീകരിക്കാമോ ; ഇവയുടെ ടെണ്ടർ തുകയും ചെലവഴിച്ചതുകയും എത്രയെന്ന് വെളിപ്പെടുത്തുമോ ; എത്ര രൂപയ്ക്കാണ് ഓരോ വർക്കും ടെണ്ടർ ഉറപ്പിച്ചിരിക്കുന്നത് ; ഇപ്പോൾ ടെണ്ടർ ചെയ്തിരിക്കുന്ന പുതിയ വർക്കുകൾ ഏതൊക്കെ ; ഓരോന്നിന്റേയും തുക എത്രയെന്ന് വിശദമാക്കാമോ ;

(സി) റാന്നി നിയോജകമണ്ഡലത്തിലെ ബംഗ്ലാംകടവ് പാലത്തിന്റെ നിർമ്മാണം ഇടയ്ക്കിടെ മുടങ്ങുന്നതിനുള്ള കാരണം വിശദമാക്കുമോ ; ഇപ്പോൾ ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ; നിർമ്മാണത്തിലെ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1996-97 മുതൽ 2000-01 വരെ നടപ്പാക്കിയ വർക്കുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ മുടങ്ങിയതിനാലും ഫണ്ടിന്റെ ദൗർലഭ്യം മൂലവും ഇടയ്ക്കിടെ പണികൾ മുടങ്ങുന്നുണ്ട്. ഏകദേശം 30% പണികൾ പൂർത്തിയായി. ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എഴുകോൺ സെക്ഷനിലെ പി.ഡബ്ല്യു.ഡി വർക്കുകൾ

128 (725) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly